

# ഖുർആൻ ബോധനം

653

എ.വൈ.ആർ

സൂറ-16

# അന്നഹ്ൽ

وَقَالَ ٱللَّهُ لَا تَتَّخِذُوٓا۟ إِلَـٰهَيْنِ ٱثْنَيْنِ ۖ إِنَّمَا هُوَ إِلَـٰهٌ وَٰحِدٌ ۖ فَإِيَّـٰىَ فَٱرْهَبُونِ ﴿٥١﴾

51. അല്ലാഹു സൃഷ്ടികളോട് അനുശാസിച്ചിരിക്കുന്നു: രണ്ടു ദൈവത്തെ സ്വീകരിക്കരുത്. സാക്ഷാൽ ദൈവം ഒരേയൊരുവൻ മാത്രമാകുന്നു. ആകയാൽ എന്നെ മാത്രമേ നിങ്ങൾ ഭയപ്പെടാവൂ.

وَلَهُۥ مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَلَهُ ٱلدِّينُ وَاصِبًا ۚ أَفَغَيْرَ ٱللَّهِ تَتَّقُونَ ﴿٥٢﴾

52. വാനഭുവനങ്ങളിലുള്ളതൊക്കെയും അവന്റേതാകുന്നു. നിങ്ങളുടെ വിധേയത്വം അനിവാര്യമായും അവനോട് മാത്രമാകുന്നു. എന്നിരിക്കെ അവനല്ലാത്തവരോട് നിങ്ങൾ ഭയഭക്തി പുലർത്തുകയോ?

وَمَا بِكُم مِّن نِّعْمَةٍ فَمِنَ ٱللَّهِ ۖ ثُمَّ إِذَا مَسَّكُمُ ٱلضُّرُّ فَإِلَيْهِ تَجْـَٔرُونَ ﴿٥٣﴾

53. നിങ്ങൾക്കു ലഭിക്കുന്ന ഏതനുഗ്രഹവും അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു. പിന്നെ ഒരു കഷ്ടകാലം വന്നാൽ നിങ്ങൾ വേവലാതിപ്പെടുന്നതും അവനോടു തന്നെ.

ثُمَّ إِذَا كَشَفَ ٱلضُّرَّ عَنكُمْ إِذَا فَرِيقٌ مِّنكُم بِرَبِّهِمْ يُشْرِكُونَ ﴿٥٤﴾

54. എന്നിട്ട്, അവൻ ആ കഷ്ടം നീക്കിത്തന്നാൽ നിങ്ങളിലൊരു കൂട്ടരതാ, അതിനു നന്ദി കാണിക്കുന്നതിൽ വിധാതാവിനോടൊപ്പം ഇതരന്മാരെ പങ്കാളികളാക്കുന്നു.

لِيَكْفُرُوا۟ بِمَآ ءَاتَيْنَـٰهُمْ ۚ فَتَمَتَّعُوا۟ ۖ فَسَوْفَ تَعْلَمُونَ ﴿٥٥﴾

55. അതുവഴി നമ്മുടെ അനുഗ്രഹദാനം നിഷേധിക്കുകയാണവൻ. സുഖിച്ചുകൊള്ളുവിൻ. താമസിയാതെ നിങ്ങൾ അതിന്റെ ഫലം അറിയുന്നുണ്ട്.

وَيَجْعَلُونَ لِمَا لَا يَعْلَمُونَ نَصِيبًا مِّمَّا رَزَقْنَـٰهُمْ ۗ تَٱللَّهِ لَتُسْـَٔلُنَّ عَمَّا كُنتُمْ
تَفْتَرُونَ ﴿٥٦﴾

56. നാം ഏകിയ വിഭവങ്ങളിൽനിന്ന്, തങ്ങൾക്കറിഞ്ഞു കൂടാത്ത ചിലതിന് അവർ വിഹിതം നീക്കിവെക്കുന്നു. അല്ലാഹുവാണ, സ്വയം കെട്ടിച്ചമച്ചിരുന്ന ഈ കൃത്രിമങ്ങളെക്കുറിച്ച് നിങ്ങൾ തീർച്ചയായും ചോദിക്കപ്പെടുന്നതാകുന്നു.

وَقَالَ ٱللَّهُ= അല്ലാഹു പറഞ്ഞു(സൃഷ്ടികളോട് അനുശാസിച്ചിരിക്കുന്നു) لَا تَتَّخِذُوٓا۟= നിങ്ങൾ എടു(സ്വീകരി)ക്കരുത്
إِلَـٰهَيْنِ ٱثْنَيْنِ= രണ്ടു ദൈവത്തെ إِنَّمَا هُوَ إِلَـٰهٌ وَٰحِدٌ= അവൻ(സാക്ഷാൽ ദൈവം) ഒരേഒരു ദൈവം മാത്രമാകുന്നു
فَإِيَّـٰىَ= ആകയാൽ എന്നെ മാത്രം(മേ) فَٱرْهَبُونِ= നിങ്ങൾ ഭയപ്പെടുക(പ്പെടാവൂ) وَلَهُ= അവന്റേതാകുന്നു
مَا فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ= വാനഭുവനങ്ങളിലുള്ളതൊക്കെയും وَلَهُ= അവന്നുള്ളത്(അവനോടു മാത്രമാകുന്നു)

ٱلدِّينُ= മതം, ധർമവ്യവസ്ഥ, വിധേയത്വം وَاصِبًا= അനിവാര്യമായി, സ്ഥിരമായി, നിഷ്കളങ്കമായി

أَفَغَيْرَ ٱللَّهِ= എന്നിരിക്കെ അല്ലാഹു അല്ലാത്തവരോടാണോ تَتَّقُونَ= നിങ്ങൾ ഭക്തി പുലർത്തുന്നത്(ത്തുകയോ)

وَمَا بِكُم= തങ്ങളെക്കൊണ്ടുള്ളത്(ങ്ങൾക്ക് ലഭിക്കുന്ന) مِّن نِّعْمَةٍ= അനുഗ്രഹത്തിൽനിന്ന്(ഏതനുഗ്രഹവും)

فَمِنَ ٱللَّهِ= അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു ثُمَّ= പിന്നെ إِذَا مَسَّكُمُ ٱلضُّرُّ= നിങ്ങളെ പീഡ ബാധിച്ചാൽ(നിങ്ങൾക്കൊരു കഷ്ടകാലം വന്നാൽ)

فَإِلَيْهِ= അവങ്കലേക്കു(തന്നെ) تَجْـَٔرُونَ= നിങ്ങൾ വേവലാതിപ്പെടുന്നു, സഹായമർഥിച്ചു വിലപിക്കുന്നു, പ്രാർഥിക്കുന്നു

ثُمَّ إِذَا كَشَفَ ٱلضُّرَّ عَنكُمْ= എന്നിട്ട് അവൻ ആ പീഡ പോക്കിയാൽ(കഷ്ടം നീക്കിത്തന്നാൽ)

إِذَا فَرِيقٌ مِّنكُم= നിങ്ങളിൽ ഒരു കൂട്ടർ അതാ بِرَبِّهِمْ= അവരുടെ വിധാതാവിനോട്(ഒപ്പം)

يُشْرِكُونَ= പങ്കുചേർക്കുന്നു(ഇതരന്മാരെ പങ്കാളികളാക്കുന്നു)

لِيَكْفُرُوا۟= അവർ നിഷേധിക്കാൻ, നന്ദികേട് കാണിക്കാൻ(അതുവഴി നിഷേധിക്കുകയാണവർ)

بِمَآ ءَاتَيْنَٰهُمْ= നാം അവർക്കു നൽകിയതിനെ(നമ്മുടെ അനുഗ്രഹദാനത്തെ) فَتَمَتَّعُوا۟= നിങ്ങൾ സുഖിച്ചുകൊള്ളുവിൻ

فَسَوْفَ تَعْلَمُونَ= ശേഷം(താമസിയാതെ)നിങ്ങൾ(അതിന്റെ ഫലം)അറിയുന്നുണ്ട് وَيَجْعَلُونَ= അവർ ആക്കുന്നു(നീക്കിവെക്കുന്നു)

لِمَا لَا يَعْلَمُونَ= അവർക്ക് അറിഞ്ഞുകൂടാത്ത(ചില)തിന്ന് نَصِيبًا= വിഹിതം مِّمَّا رَزَقْنَٰهُمْ= നാം അവർക്കേകിയ വിഭവങ്ങളിൽനിന്ന്

تَٱللَّهِ= അല്ലാഹുവാണ لَتُسْـَٔلُنَّ= തീർച്ചയായും ചോദിക്കുന്നതാകുന്നു

عَمَّا كُنتُمْ تَفْتَرُونَ= നിങ്ങൾ കെട്ടിച്ചമച്ചിരുന്നതിനെ(കൃത്രിമങ്ങളെ)ക്കുറിച്ച്

**51,52.** ദൈവത്തിന്റെ ഏകത്വത്തിനു ദൈവത്തിങ്കൽനിന്നുള്ള സാക്ഷ്യമാണിത്. അതായത് പ്രവാചകവര്യന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും അല്ലാഹു മനുഷ്യരെ പഠിപ്പിച്ചിട്ടുള്ളത് ദൈവം ഏകനാണെന്നും പല ദൈവങ്ങളിൽ വിശ്വസിക്കുകയോ ആരാധിക്കുകയോ ചെയ്യരുതെന്നുമാണ്. إِلَٰهَيْنِ -രണ്ടു ദൈവമാണ്. രണ്ടു ദൈവത്തിന്റെ നിഷേധത്തിൽനിന്ന് രണ്ടിലേറെ ദൈവങ്ങളുടെ നിഷേധം അനുക്തസിദ്ധമാകുന്നു. സാക്ഷാൽ ദൈവം ഒന്നേയുള്ളുവെങ്കിൽ അവനെ മാത്രമേ മനുഷ്യർ ഭയപ്പെടുകയും ആരാധിക്കുകയും ചെയ്യാവൂ. യഥാർഥ ദൈവമല്ലാത്തതിനെ ദൈവമാക്കി ആരാധിക്കുന്നത് ഒരുവശത്ത് മഹാമൗഢ്യവും മറുവശത്ത് കൊടിയ ദൈവനിന്ദയും ധിക്കാരവുമായിരിക്കും. കാരണം, അവനല്ലാതെ പ്രപഞ്ചത്തിലുള്ളതൊക്കെയും അവൻ സൃഷ്ടിച്ചതും അവന്റെ തന്നെ ഉടമസ്ഥതയിലുള്ളതുമാണ്. അതിനാൽ എല്ലാം അവന്റെ കൽപനകൾ-അവൻ നിശ്ചയിച്ച ധർമവ്യവസ്ഥ മാത്രം അനുസരിച്ചു സ്ഥിരമായി വാഴുന്നു. അനിവാര്യമായും അങ്ങനെയേ അവക്കു വാഴാൻ കഴിയൂ. എന്നിരിക്കെ ബുദ്ധിയും വിവേചനശക്തിയുമുള്ള മനുഷ്യൻ ആ ഏകനായ സാക്ഷാൽ ദൈവമല്ലാത്തവരെ ഭയപ്പെടുകയും ആരാധിക്കുകയും ചെയ്യുന്നത് എന്തുമാത്രം വിഡ്ഢിത്തവും ധിക്കാരവുമാണ്!

فَٱرْهَبُونِ നെയാണ് എന്നെ ഭയപ്പെടുവിൻ എന്ന് തർജമ ചെയ്തിട്ടുള്ളത്. സാധാരണ അർഥത്തിലുള്ള ഭയമല്ല ഇതുകൊണ്ടുദ്ദേശ്യം; അല്ലാഹുവിന്റെ മഹത്വവും പ്രൗഢിയും ഉൾക്കൊള്ളുമ്പോഴുണ്ടാകേണ്ട ഭയഭക്തി പാരമ്യഭാവമാണ്. ഇതേ വാക്ക് *അൽബഖറ* 40-ാം സൂക്തത്തിലും വന്നിട്ടുണ്ട്. പദത്തിന്റെ അർഥം ഇവിടെ വിശദീകരിച്ചിരിക്കുന്നു. ഈ സന്ദർഭത്തിലെ ٱلدِّينُ ന് അനുസരണവും വണക്കവും എന്നാണ് മിക്ക വ്യാഖ്യാതാക്കളും അർഥം നൽകിയിട്ടുള്ളത്. 49-ാം സൂക്തത്തിൽ പ്രപഞ്ചത്തിലെ സകലമാന പ്രാപഞ്ചിക വസ്തുക്കളും അല്ലാഹുവിന് പ്രണാമം ചെയ്തുകൊണ്ടിരിക്കുന്ന എന്നു പറഞ്ഞതിന്റെ മറ്റൊരു ഭാഷ്യമാണിത്. എല്ലാം പൂർണമായി അവന് വിധേയമായി അവൻ നിശ്ചയിച്ച വ്യവസ്ഥകൾ കണിശമായി അനുസരിച്ചുകൊണ്ടാണ് വാഴുന്നത്. അല്ലാഹു ഓരോ വസ്തുവിനും നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥയാണ് അതിന്റെ ധർമം. അതുകൊണ്ടാണ് പ്രാപഞ്ചിക വസ്തുക്കളുടെ പ്രവർത്തന നിയമത്തെ 'ദീൻ' എന്നു വ്യവഹരിച്ചത്. ഉന്നതങ്ങളിൽനിന്ന് അനുശാസിക്കപ്പെടുന്നതും അലംഘനീയവുമായ നിയമങ്ങളാണ് 'ദീൻ.' وصب യുടെ കർതൃരൂപമാണ് واصب. അഭേദ്യമായി ചേർന്നു നിൽക്കുന്നത് അനിവാര്യമായത് എന്ന് ഭാഷാർഥം. സ്ഥിരമായത് എന്നും കലർപ്പില്ലാത്തത് എന്നും പ്രയോഗാർഥമുണ്ട്. പ്രകൃത സന്ദർഭത്തിൽ ഈ അർഥങ്ങളെല്ലാം സാധുവാകുന്നു. പ്രാപഞ്ചിക വസ്തുക്കളുടെ അസ്തിത്വത്തിൽ അഭേദ്യമായി പതിഞ്ഞു കിടക്കുന്ന അനിവാര്യ ഗുണമാണ് അല്ലാഹു നിശ്ചയിച്ച നിയമങ്ങളോടുള്ള വിധേയത്വവും അനുസരണവും. സുസ്ഥിരമായ വിധേയത്വമാണത്. ആർക്കും ഒരിക്കലും അതിൽനിന്നു പുറത്തു കടക്കാനാവില്ല; അതുകൊണ്ടുതന്നെ അല്ലാഹുവിനോടുള്ള വിധേയത്വത്തിൽ മറ്റേതെങ്കിലും ശക്തിയോടുള്ള വിധേയത്വം കൂടിക്കലർത്താനുമാവില്ല. ആ നിലക്ക് കലർപ്പില്ലാത്തത് خالص കൂടിയാണത്. أَلَا لِلَّهِ ٱلدِّينُ ٱلْخَالِصُ (അറിയുവിൻ കലർപ്പില്ലാത്ത, നിഷ്കളങ്കമായ ദീൻ അല്ലാഹുവിന്നുള്ളതാകുന്നു) എന്ന് സൂറ *അസ്സുമർ* മൂന്നാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അതേ സൂറ 11-ാം സൂക്തത്തിൽ പറയുന്നു: قُلْ إِنِّىٓ أُمِرْتُ أَنْ أَعْبُدَ ٱللَّهَ مُخْلِصًا لَّهُ ٱلدِّينَ (പ്രവാചകൻ പറയുക: വിധേയത്വം(ദീൻ) അല്ലാഹുവിന്നു മാത്രമാക്കിക്കൊണ്ട് അവന്ന് ഇബാദത്തു ചെയ്യാനാകുന്നു ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്). ചെകുത്താനും മനുഷ്യനും അല്ലാഹുവിന്റെ ചില നിയമങ്ങൾ ലംഘിക്കാൻ കഴിയുന്നുവെങ്കിൽ, അത് അവൻ തന്നെ അവർക്കതിന് സ്വാതന്ത്ര്യം നൽകിയിട്ടുള്ളതുകൊണ്ടാണ്. ഈ സ്വാതന്ത്ര്യമനുസരിച്ചുള്ള നിയമ ലംഘനവും അവൻ നിശ്ചയിച്ച കാര്യകാരണ നിയമങ്ങളനുസരിച്ചേ സാധ്യമാകൂ. അതിനാൽ ആത്യന്തികമായി എല്ലാം അവന്നുമാത്രം വിധേയപ്പെട്ടാണ് വാഴുന്ന

ത്. യാഥാർഥ്യം ഇതായിരിക്കെ നിങ്ങൾ ബുദ്ധിയും ചിന്താശേഷിയുമുള്ള മനുഷ്യർ അല്ലാഹുവിനെ വെടിഞ്ഞ്, അനിവാര്യമായും അവനെ അനുസരിച്ചും ആരാധിച്ചും വാഴുന്ന, അവന്റെ സൃഷ്ടികളോട് ഭയഭക്തി പുലർത്തുകയും അവയെ ആരാധിക്കുകയും ചെയ്യുന്നതിനെന്തർഥം എന്ന് അത്ഭുതം കൂറുകയാണ് ........أَفَغَيْرَ اللَّهِ എന്ന വാക്യം.

**53-55.** ദൈവം ഏകനാണെന്നതിന് മനുഷ്യനിൽ തന്നെയുള്ള തെളിവിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണിവിടെ. വായു, വെള്ളം, ആഹാരവിഭവങ്ങൾ, സവിശേഷമായ ശരീര ഘടന, മാനസിക യോഗ്യതകൾ ഇങ്ങനെ എണ്ണമറ്റ അനുഗ്രഹങ്ങളനുഭവിച്ചു കൊണ്ടാണ് മനുഷ്യൻ ഈ ലോകത്തു വാഴുന്നത്. ഈ അനുഗ്രഹങ്ങളെല്ലാം ആരാണ് നൽകുന്നത്? തങ്ങളുടെ പഞ്ചേന്ദ്രിയങ്ങൾക്ക് ഗോചരമാകാത്തതൊന്നും ഇല്ല എന്ന് വിശ്വസിക്കുന്ന മൂഢന്മാർ മാത്രമേ, തങ്ങളനുഭവിക്കുന്ന അനുഗ്രഹങ്ങളെല്ലാം യാദൃച്ഛികമായി ഉളവായതാണെന്നും അതിന്റെ പിന്നിൽ ഒരു സ്രഷ്ടാവോ വിധാതാവോ ഇല്ലെന്നും വിശ്വസിക്കൂ. അത്തരക്കാരല്ലാത്ത സാമാന്യ ബുദ്ധിയുള്ളവരൊക്കെയും, ഈ അനുഗ്രഹങ്ങളെല്ലാം അല്ലാഹു നൽകിയതാണെന്ന് നിസ്സങ്കോചം സമ്മതിക്കും. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ പലരും തങ്ങളനുഭവിക്കുന്ന അനുഗ്രഹങ്ങൾ അല്ലാഹുവിന്റെ ഔദാര്യമാകുന്നു എന്ന കാര്യം വിസ്മരിക്കുന്നു. ചിലർ അനുഗ്രഹദാനത്തിന്റെ കർതൃത്വം അല്ലാഹുവല്ലാത്ത ഏതൊക്കെയോ സൃഷ്ടികളിൽ ആരോപിക്കുന്നു. പക്ഷേ, അല്ലലില്ലാതെ ജീവിച്ചു വരവെ, ഒരു കഷ്ടകാലം വന്നാൽ, ക്ഷാമമോ രോഗമോ ദാരിദ്ര്യമോ സ്ഥാനമാനങ്ങളുടെ നഷ്ടമോ ഉണ്ടായാൽ മനുഷ്യൻ ആവലാതിയുമായി ഓടിച്ചെല്ലുക അല്ലാഹുവിങ്കലേക്കാണ്. ഉപദൈവങ്ങളെയെല്ലാം മറന്ന് ദുരിതനിവാരണത്തിനുവേണ്ടി അല്ലാഹുവിനോട് കേഴുന്നു. സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കധിപനായ സാക്ഷാൽ ദൈവം ഏകനാണെന്ന വിചാരം നിങ്ങളുടെ മനസ്സിൽ തന്നെ ഉള്ളതുകൊണ്ടാണത്. കൊടുങ്കാറ്റ്, പ്രളയം, സമുദ്ര യാത്രകളിൽ കടൽക്ഷോഭത്തിൽ പെടുക തുടങ്ങിയ അത്യാഹിതങ്ങളുണ്ടാകുമ്പോൾ അറബികൾ അവരുടെ ആരാധ്യരായ ലാത്തയെയും ഉസ്സയെയും മറ്റു പ്രതിഷ്ഠകളെയുമെല്ലാം മറന്ന് വിളിച്ചു പ്രാർഥിച്ചിരുന്നത് അല്ലാഹുവിനെ മാത്രമാണ്. ഇതുതന്നെയാണ് മറ്റു ജനതകളുടെയും അവസ്ഥ. സാക്ഷാൽ ദൈവം ഏകനാണെന്ന സങ്കൽപം എല്ലാ ബഹുദൈവാരാധകരുടെയും ഉള്ളിന്റെയുള്ളിൽ സുഷുപ്തമായി കിടപ്പുണ്ട്. സാങ്കൽപിക ദൈവങ്ങളൊന്നും രക്ഷക്കെത്തുകയില്ലെന്നു ബോധ്യമാകുമ്പോൾ നൈസർഗികമായ ഈ ഏകദൈവബോധം ഉണർന്നുവരുന്നു. അറബികളെ സംബന്ധിച്ചേടത്തോളം അവരുടെ കുലപതിയായ ഇബ്റാഹീമി(അ)ന്റെ പൈതൃകവും കൂടിയാണ് തൗഹീദ്. അതുകൊണ്ട് അവരിലത് പെട്ടെന്നുണരുന്നു. മറ്റു വിഗ്രഹാരാധകർ ആഘാതത്തിന്റെ ആദ്യഘട്ടത്തിൽ തങ്ങളുടെ കൃത്രിമ ദൈവങ്ങളെ വിളിച്ചുവെന്നുവരും. ഒടുവിൽ അവരും സാക്ഷാൽ ദൈവത്തിൽ തന്നെ ശരണം തേടുന്നു. അത്തരം സന്ദർഭങ്ങളിൽ വിഗ്രഹാരാധകർ ഏതെങ്കിലും പ്രതിഷ്ഠയുടെ പേരു പറയുന്നത്, ആ കൽപ്രതിമയുടെ പേരായിട്ടായിരിക്കുകയല്ല. പ്രപഞ്ച വിധാതാവായ സാക്ഷാൽ ദൈവത്തിന്റെ പേരായിട്ടായിരിക്കും. ഇബ്റാഹീമി പാരമ്പര്യം പുലർത്തുന്ന അറബികളിൽ സാക്ഷാൽ ദൈവത്തെക്കുറിക്കുന്ന 'അല്ലാഹു' എന്ന നാമം സുപരിചിതമായിരുന്നു. അല്ലാഹു പോലുള്ള ഒരു പൊതുനാമം പരിചിതമല്ലാത്തവർ തങ്ങൾ പ്രമുഖരായി കരുതുന്ന ആരാധ്യരിലൊന്നിന്റെ പേരിൽ സാക്ഷാൽ ദൈവത്തെയും വിളിക്കുകയാണ്.

അല്ലാഹുവല്ലാത്ത ആരും ആപത്തുകൾ അകറ്റുകയോ ആവശ്യം നിവർത്തിച്ചു കൊടുക്കുകയോ ചെയ്യുന്നില്ല. ശരണാർഥികളുടെ വിലാപം കേട്ട് ആപത്തുകളിൽനിന്ന് മോചനമരുളിയാൽ അതോടെ അല്ലാഹു വിസ്മൃതനാവുകയായി. കുറെ ദൈവങ്ങൾ വീണ്ടും ഉണർന്നു വരുന്നു. പിന്നെ വിഗ്രഹാരാധകർ ആപത് രക്ഷയുടെ പേരിൽ അല്ലാഹുവിനോടു കാണിക്കേണ്ട നന്ദി നിർണായക ഘട്ടത്തിൽ അപ്രത്യക്ഷരായിരുന്ന ആരാധ്യർക്കു പങ്കുവക്കുന്നു. ആരാധനയും ഭക്തിയുമെല്ലാം അവർക്കു തന്നെ അർപ്പിക്കുന്നു. പുരാതന കാലത്തു മാത്രമല്ല, ഇന്നും ഇതുതന്നെയാണവസ്ഥ.

لِيَكْفُرُوا എന്നതിലെ لِ ശബ്ദം കാരണത്തെ സൂചിപ്പിക്കാനും അനന്തരഫലത്തെ സൂചിപ്പിക്കാനും ഉപയോഗിക്കും. ആദ്യത്തെ അർഥത്തിലെടുക്കുമ്പോൾ അല്ലാഹു ചെയ്ത അനുഗ്രഹങ്ങളോട് നന്ദികേട് കാണിക്കുന്നതിനുവേണ്ടിയാണവർ അല്ലാഹുവല്ലാത്തവരെ പങ്കുചേർക്കുന്നതെന്നാകും ആശയം. ഇതനുസരിച്ച് അല്ലാഹുവിനോടുള്ള അവരുടെ നന്ദികേട് ബോധപൂർവമാണ്. ഈ സന്ദർഭത്തിൽ لِ ഉപയോഗിച്ചിട്ടുള്ളത് അനന്തര പരിണതിയെ സൂചിപ്പിക്കാനാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. അപ്പോൾ ആശയം, അവരുടെ ഈ നടപടി അല്ലാഹുവിന്റെ അനുഗ്രഹങ്ങളോടുള്ള നിഷേധവും അവനോടുള്ള കൊടിയ നന്ദികേടുമായിത്തീരുന്നു എന്നാകുന്നു- അവർ അത് ഉദ്ദേശിച്ചിട്ടില്ലെങ്കിലും. .......فَتَمَتَّعُوا എന്നവാക്യം ഒരു താക്കീതാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ, ആസ്വദിച്ചുകൊണ്ട് അവനോട് കൊടിയ നന്ദികേട് കാണിക്കുന്ന നിങ്ങൾ കുറച്ചുനാൾ സുഖിച്ചു മദിച്ചു കൊള്ളുക. പക്ഷേ, എക്കാലവും ഇങ്ങനെ കഴിയാമെന്ന് വ്യാമോഹിക്കേണ്ട. അധികം താമസിയാതെ ഈ അനുഗ്രഹനിഷേധത്തിന്റെയും നന്ദികേടിന്റെയും പരിണതഫലം നിങ്ങൾ അനുഭവിച്ചു തുടങ്ങുന്നതാണ്. അതിനുമുമ്പ് അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സത്യവിശ്വാസത്തിലേക്കും സൽകർമങ്ങളിലേക്കും മടങ്ങുകയാണ് നിങ്ങൾക്കു നല്ലത്.

**56.** ഇത് അവിശ്വാസകിൾ അല്ലാഹുവിന്റെ അനുഗ്രഹത്തിനുള്ള നന്ദി അവരല്ലാത്തവർക്കു പങ്കുവെക്കുന്നതിന്റെ ഒരു രൂപമാണ്. അല്ലാഹു കനിഞ്ഞരുളിയ അനുഗ്രഹങ്ങൾ അവൻ നിർദേശിച്ച വിധം വ്യയം ചെയ്യുന്നതിനു പകരം അതെല്ലാം ബഹുദൈവങ്ങളുടെയും ഔദാര്യമാണെന്ന് വാദിക്കുകയും അതിൽനിന്നൊരു വിഹിതം നേർച്ച വഴിപാടുകളായി അർപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു ആരെയും തന്റെ പങ്കാളിയാക്കിയിട്ടില്ല. ഉണ്ടെന്നു പറയുന്നത് അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുക എന്ന കൊടും ധിക്കാരമാകുന്നു. അതു ചെയ്യുന്നവർ തീർച്ചയായും ഒരുനാൾ അവന്റെ മുന്നിൽ സമാധാനം ബോധിപ്പിക്കേണ്ടി വരും. ഇക്കാര്യം تَاللَّهِ എന്ന് അല്ലാഹു സ്വന്തം സത്തയെ സാക്ഷിയാക്കി ആണയിട്ടു പറയുന്നത് അവരുടെ കുറ്റത്തിന്റെ ഗൗരവത്തെയും അതിനു നേരിടേണ്ടി വരുന്ന വിചാരണയുടെ കൊടുമയെയും സൂചിപ്പിക്കുന്നു.

لِمَا لَا يَعْلَمُونَ എന്ന വാക്കിന് തങ്ങൾക്കറിഞ്ഞു കൂടാത്ത ചിലതിന്' എന്നാണ് വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ള അർഥം. അതായത് നേർച്ച വഴിപാടുകൾ അർപ്പിക്ക

പ്പെടുന്ന വസ്തുക്കൾ ദൈവങ്ങളാണെന്ന് യഥാർഥത്തിൽ ഈ ആരാധകർ അറിയുന്നില്ല. ഏതെങ്കിലും പ്രവാചകന്റെ സത്യപ്രബോധനമോ വേദങ്ങളുടെ പ്രമാണമോ അനുസരിച്ചുകൊണ്ടല്ല അവർ അവരെ ദൈവങ്ങളാക്കിയിട്ടുള്ളത്. അടിസ്ഥാന രഹിതവും അർഥ ശൂന്യവുമായ ഊഹങ്ങളെ ആധാരമാക്കിയാണ് അവർ ഈ വസ്തുക്കളെ ദൈവങ്ങളാക്കിയിരിക്കുന്നത്. يَعْلَمُونَ യിലെ 'അവർ' എന്ന സർവനാമം കൊണ്ടുദ്ദേശ്യം കാണിക്കകളും വഴിപാടുകളും അർപ്പിക്കപ്പെടുന്ന ബഹുദൈവങ്ങളും ആകാമെന്നും ഒരഭിപ്രായമുണ്ട്. തങ്ങൾ ദൈവങ്ങളാണെന്നോ, തങ്ങൾക്ക് ചില മനുഷ്യർ ആരാധനകളും വഴിപാടുകളും അർപ്പിക്കുന്നുണ്ടെന്നോ പോലും അറിയാത്ത അചേതനമായ പ്രതിഷ്ഠകൾക്കാണ് ബഹുദൈവ വിശ്വാസികൾ അവർക്ക് ലഭിച്ച ദൈവാനുഗ്രഹത്തിൽ നിന്ന് വിഹിതം നൽകുന്നത് എന്നാകും അപ്പോൾ ആശയം. ■